071/2022-M

ചോദ്യ പുസ്തക അക്ഷര കോഡ് **B**

ചോദ്യ പുസ്തക ക്രമ നമ്പർ 187690

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 15 മിനിട്ട്

പരമാവധി മാർക്ക് : 100

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

## 071/2022-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. റിസർവ്വ് ബാങ്ക് പുറത്തിറക്കിയ പുതിയ 500 രൂപ നോട്ടിൽ കാണുന്ന ചിത്രം :
   - (A) സാഞ്ചിസ്തൂപം
   - (B) ഹംപി
   - (C) മംഗൾയാൻ
   - (D) ചെങ്കോട്ട

2. 2024-ലെ ഒളിമ്പിക്സ് വേദി :
   - (A) ടോക്കിയോ
   - (B) പാരീസ്
   - (C) ലണ്ടൻ
   - (D) ഏഥൻസ്

3. മസ്തിഷ്കമരണം സംഭവിച്ചവരുടെ അവയവം ദാനം ചെയ്യുന്നതിനുള്ള പദ്ധതി :
   - (A) മൃതസഞ്ജീവനി
   - (B) ജീവനി സഞ്ജീവനി
   - (C) ജീവനം
   - (D) ജീവൻ ദീപം

4. യുനെസ്കോയുടെ നേതൃത്വത്തിൽ അന്തർദ്ദേശീയ മാതൃഭാഷാദിനമായി ആചരിക്കുന്നത് എന്നാണ്?
   - (A) Feb 12
   - (B) Feb 21
   - (C) March 22
   - (D) March 21

5. ഭരണതലത്തിലും ഉദ്യോഗതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിനായി സംസ്ഥാന തലത്തിൽ രൂപം നൽകിയിട്ടുള്ളതാണ് ലോകായുക്ത - നിലവിൽ സംസ്ഥാനത്തെ ലോകായുക്ത :
   - (A) ജസ്റ്റിസ് സിറിയക് ജോസഫ്
   - (B) ജസ്റ്റിസ് ബാബു മാത്യു പി. ജോസഫ്
   - (C) ജസ്റ്റിസ് എ.കെ. ബഷീർ
   - (D) ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ

6. 2019 ലോകകപ്പ് ക്രിക്കറ്റ് ജേതാക്കൾ :
   - (A) ന്യൂസിലാൻഡ്
   - (B) ഓസ്ട്രേലിയ
   - (C) ഇന്ത്യ
   - (D) ഇംഗ്ലണ്ട്

7. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക :
   - (i) ഉത്തര അറ്റ്ലാന്റിക് സഖ്യ സംഘടന (NATO) രൂപം കൊണ്ടത് 1949 April 4 - നാണ്
   - (ii) ബ്രസൽസ് ആണ് നാറ്റോയുടെ ആസ്ഥാനം
   - (iii) അംഗരാജ്യങ്ങൾക്കു നേരെയുള്ള സൈനിക നീക്കങ്ങൾ ഒറ്റക്കെട്ടായി പ്രതിരോധിക്കുക എന്നതാണ് ലക്ഷ്യം
   - (A) (i) and (ii)
   - (B) (ii) and (iii)
   - (C) (i) and (iii)
   - (D) (i), (ii) and (iii)

8. 2022 – ഓടെ രാജ്യത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം നേടുന്നതിനായി 2015 ജൂൺ 25-ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച പദ്ധതി :

(A) പ്രധാനമന്ത്രി കൃഷി സഞ്ചയ് യോജന
(B) പ്രധാനമന്ത്രി കൗശൽ വികാസ് യോജന
(C) പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന
(D) പ്രധാനമന്ത്രി ആവാസ് യോജന

9. 2019-ൽ WHO-യുടെ ചീഫ് സയന്റിസ്റ്റ് ആയി നിയമിതയായ ഇന്ത്യൻ വനിത ആരാണ്?

(A) സ്വാതി മോഹൻ
(B) രോഹിണി ഗോഡ്ബോൽ
(C) സൗമ്യ സ്വാമിനാഥൻ
(D) റിതു കരിധാൾ

10. ഡോ. കസ്തൂരിരംഗൻ സമിതി കേന്ദ്രത്തിന് സമർപ്പിച്ച പുതിയ സ്കൂൾ വിദ്യാഭ്യാസ നയത്തിന്റെ ഘടന എപ്രകാരമാണ്?

(A) 5 + 3 + 3 + 4
(B) 5 + 3 + 4 + 3
(C) 5 + 3 + 2 + 5
(D) 5 + 2 + 4 + 4

11. ഏറ്റവും നീളം കൂടിയ അന്താരാഷ്ട്ര അതിർത്തി പങ്ക് വയ്ക്കുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) രാജസ്ഥാൻ
(B) ഗുജറാത്ത്
(C) പശ്ചിമബംഗാൾ
(D) അരുണാചൽ പ്രദേശ്

12. ഇന്ത്യയുടെ കേന്ദ്രഭാഗമായ നഗരം ഏത്?

(A) ഭോപ്പാൽ
(B) നാഗ്പൂർ
(C) റായ്പൂർ
(D) ഡൽഹി

13. പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരി കുന്നുകളിൽ നിന്ന് ഉത്ഭവിക്കുന്ന നദി ഏത്?

(A) കൃഷ്ണ
(B) നർമ്മദ
(C) കാവേരി
(D) കബനി

14. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏവ?

(i) പുതിയ എക്കൽ നിക്ഷേപങ്ങളെ 'ഖാദർ' എന്ന് അറിയപ്പെടുന്നു
(ii) കറുത്ത മണ്ണിനെ 'റിഗർ' എന്നു വിളിക്കുന്നു
(iii) കറുത്ത മണ്ണിന് ഈർപ്പം വഹിക്കുന്നതിനുള്ള കഴിവ് കുറവാണ്
(iv) എക്കൽ മണ്ണിന് ഫലപുഷ്ടി കുറവാണ്

(A) (i) and (ii)
(B) (i), (ii) and (iii)
(C) (i) and (iv)
(D) (iii) and (iv)

15. ഇന്ത്യയിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് സ്ഥാപിതമായത് എവിടെ?

(A) മുംബൈ
(B) ഡൽഹി
(C) കൊൽക്കത്ത
(D) ചെന്നൈ

16. മൂന്നു തലസ്ഥാനങ്ങളുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം ഏത്?

(A) ജമ്മു & കാശ്മീർ
(B) പഞ്ചാബ്
(C) ആന്ധ്രാപ്രദേശ്
(D) ഉത്തർഖണ്ഡ്

17. ഇന്ത്യയിലെ ഏറ്റവും വലിയ ജലസേചന കനാൽ ഏത്?

(A) യമുന കനാൽ
(B) ഇന്ദിരാഗാന്ധി കനാൽ
(C) സിർഹന്ദ് കനാൽ
(D) അപ്പർ ബാരിഡോബ് കനാൽ

18. പരുത്തി തുണി വ്യവസായത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) ആന്ധ്രാപ്രദേശ്
(B) ഗുജറാത്ത്
(C) തമിഴ്നാട്
(D) മഹാരാഷ്ട്ര

19. ഹിമാലയ പർവ്വതത്തിന്റെ ഏറ്റവും തെക്ക് ഭാഗം ഏത് പേരിൽ അറിയപ്പെടുന്നു?

(A) ഹിമാദ്രി
(B) ഹിമാചൽ
(C) സിവാലിക്സ്
(D) ഇവ ഒന്നുമല്ല

20. ഇന്ത്യയിൽ ആദ്യമായി തിരമാലകളിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കപ്പെട്ടത് എവിടെ?

(A) കൊച്ചി
(B) കോഴിക്കോട്
(C) മുംബൈ
(D) വിഴിഞ്ഞം

21. ഇന്ത്യൻ ഭരണഘടനയിൽ മൗലിക കടമകൾ ഉൾപ്പെടുത്തിയ ഭരണഘടനാ ഭേദഗതി ഏതാണ്?

(A) 43
(B) 32
(C) 41
(D) 42

22. ഇന്ത്യയുടെ ദേശീയഗീതം രചിച്ചതാര്?

(A) രവീന്ദ്രനാഥ ടാഗോർ
(B) ബങ്കിം ചന്ദ്ര ചാറ്റർജി
(C) അരബിൻന്ദോ
(D) കബീർദാസ്

23. വിവരാവകാശനിയമം പ്രാബല്യത്തിൽ വന്ന വർഷം ഏത്?

(A) 2005
(B) 2007
(C) 2006
(D) 2008

24. ഇന്ത്യൻ ഭരണഘടനയിൽ ഏത് ഭാഗത്താണ് മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്?

(A) IV
(B) VIII
(C) V
(D) III

25. ഇന്ത്യയുടെ ദേശീയപതാകയിൽ കാണപ്പെടുന്ന അശോകചക്രത്തിൽ എത്ര ആരക്കാലുകൾ ഉണ്ട്?

(A) 28
(B) 30
(C) 24
(D) 26

26. ദേശീയ മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ആരാണ്?

(A) ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ
(B) ജസ്റ്റീസ് സിറിയക് ജോസഫ്
(C) ജസ്റ്റീസ് എൻ.വി. രമണ
(D) ജസ്റ്റീസ് അരുൺ കുമാർ മിശ്ര

27. ഇന്ത്യയുടെ ദേശീയപതാക രൂപകല്പന ചെയ്ത വ്യക്തി ആരാണ്?

(A) പിംഗലി വെങ്കയ്യ
(B) നങ്കുരുരി പ്രകാശം
(C) പോറ്റി ശ്രീരാമലു
(D) രവീന്ദ്രനാഥ ടാഗോർ

28. ചുവടെ നൽകിയിരിക്കുന്നതിൽ ഏതാണ് മൗലികാവകാശങ്ങളിൽ ഉൾപ്പെടാത്തത്?

(A) മത സ്വാതന്ത്ര്യത്തിനുള്ള അവകാശം
(B) സ്വത്തവകാശം
(C) ചൂഷണത്തിനെതിരെയുള്ള അവകാശം
(D) സമത്വാവകാശം

29. ഇന്ത്യയുടെ ദേശീയ പൈതൃക മൃഗം ഏത്?

(A) മുയൽ
(B) ആന
(C) കടുവ
(D) സിംഹം

30. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയുടെ അദ്ധ്യക്ഷൻ ആരായിരുന്നു?

(A) ഡോ. രാജേന്ദ്രപ്രസാദ്
(B) ഡോ. ബി.ആർ. അംബേദ്കർ
(C) സി.വി. ബോസ്
(D) ജവഹർലാൽ നെഹ്റു

31. 'നാഗന്മാരുടെ റാണി' എന്ന് ജവഹർലാൽ നെഹ്റു വിശേഷിപ്പിച്ചത് ആരെയാണ്?

(A) റാണി ഗൈഡിലിയു
(B) റാണി ലക്ഷ്മിഭായി
(C) കനക്ലത ബറുവ
(D) പർബതി ഗിരി

32. താഴെ കൊടുത്ത വ്യക്തികളിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്തതാര്?

(A) ഗാന്ധിജി
(B) ജവഹർലാൽ നെഹ്റു
(C) സർദാർ പട്ടേൽ
(D) ബി.ആർ. അംബേദ്കർ

33. ബ്രിട്ടീഷ് സർക്കാരിന്റെ ഏത് നിയമത്തിനെതിരായിരുന്നു ജനങ്ങൾ ജാലിയൻ വാലാബാഗിൽ പ്രതിഷേധസമരത്തിന് ഒത്തുചേർന്നത്?

(A) സൈമൺ നിയമം
(B) റൗലത്ത് നിയമം
(C) പിറ്റ്സ് ഇന്ത്യാ നിയമം
(D) ഇൽബർട്ട് നിയമം

34. 'വിധിയുമായി ഒരു കൂടിക്കാഴ്ച' ആരുടെ അവിസ്മരണീയമായ പ്രസംഗമായിരുന്നു?

(A) സർദാർ പട്ടേൽ
(B) എസ്. രാധാകൃഷ്ണൻ
(C) ജവഹർലാൽ നെഹ്റു
(D) ഗാന്ധിജി

35. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് നേതൃത്വം കൊടുത്ത മൈക്കിൾ ഒ ഡയറിനെ വധിച്ച് വധശിക്ഷ ഏറ്റുവാങ്ങിയ സ്വാതന്ത്ര്യസമര പോരാളി ആരായിരുന്നു?

(A) ചന്ദ്രശേഖർ ആസാദ്
(B) ഭഗത്സിംഗ്
(C) സൂര്യസെൻ
(D) ഉദ്ദംസിംഗ്

36. 'യക്ഷഗാനം' എന്ന കലാരൂപം ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള കേരളത്തിലെ ജില്ല ഏത്?

(A) കണ്ണൂർ
(B) പാലക്കാട്
(C) വയനാട്
(D) കാസർഗോഡ്

37. സൈലന്റ്വാലി ദേശീയോദ്യാനം സ്ഥിതിചെയ്യുന്ന ജില്ല :

(A) പാലക്കാട്
(B) ഇടുക്കി
(C) കോട്ടയം
(D) പത്തനംതിട്ട

38. കേരളത്തിലെ ഏറ്റവും വലിയ കായൽ ഏതാണ്?

(A) അഷ്ടമുടിക്കായൽ
(B) ശാസ്താംകോട്ടക്കായൽ
(C) വേമ്പനാട് കായൽ
(D) കായംകുളം കായൽ

39. താഴെ കൊടുത്തവയിൽ നിന്നും കിഴക്കോട്ടൊഴുകുന്ന കേരളത്തിലെ നദി ഏതെന്ന് കണ്ടെത്തുക :

(A) കല്ലടയാർ
(B) പാമ്പാർ
(C) കരമനയാർ
(D) മണിമലയാർ

40. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി ഏതാണ്?

(A) നേര്യമംഗലം
(B) കല്ലട
(C) ഇടുക്കി
(D) കുറ്റ്യാടി

41. കേരളത്തിന്റെ ഔദ്യോഗിക പക്ഷി ഏതാണ്?

(A) മയിൽ
(B) മൈന
(C) പരുന്ത്
(D) മലമുഴക്കി വേഴാമ്പൽ

42. പ്രാചീന തമിഴകത്തിലെ തിണകളിൽ ഒന്നായ നെയ്തൽ ഏത് തരത്തിലുള്ള ഭൂവിഭാഗമാണ്?

(A) തീരപ്രദേശം (B) പുൽമേട്
(C) വരണ്ട പ്രദേശം (D) മലയോരങ്ങൾ

43. കൊടുങ്ങരപ്പള്ളം പുഴ ഏത് പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) തിരുനെല്ലി (B) അട്ടപ്പാടി
(C) അടിമാലി (D) കുമരകം

44. കേരളത്തിലെ ഏറ്റവും ചെറിയ ജില്ല ഏത്?

(A) വയനാട് (B) കോട്ടയം
(C) ആലപ്പുഴ (D) പത്തനംതിട്ട

45. ഭാരത സർക്കാറിന്റെ ദ്രോണാചാര്യ പുരസ്ക്കാരം നേടിയ ആദ്യ മലയാളി ആര്?

(A) ഒ.എം. നമ്പ്യാർ (B) കെ.പി. തോമസ്
(C) എ.കെ. കുട്ടി (D) എസ്. പ്രദീപ് കുമാർ

46. 'ആത്മോപദേശശതക'ത്തിന്റെ കർത്താവ് ആര്?

(A) ചട്ടമ്പി സ്വാമികൾ (B) വിവേകാനന്ദ സ്വാമികൾ
(C) കുമാരനാശാൻ (D) ശ്രീനാരായണഗുരു

47. കന്യാകുമാരിയിലെ ശാസ്താംകോയിലിൽ ജനിച്ച കേരളത്തിന്റെ സാമൂഹ്യപരിഷ്കർത്താവ് ആരായിരുന്നു?

(A) പെരിയോർ (B) ആനന്ദതീർത്ഥൻ
(C) വൈകുണ്ഠസ്വാമികൾ (D) ബ്രഹ്മാനന്ദ ശിവയോഗി

48. 'ആത്മവിദ്യാസംഘം' സ്ഥാപിച്ചതാര്?

(A) സഹോദരൻ അയ്യപ്പൻ (B) ആഗമാനന്ദൻ
(C) പള്ളത്തു രാമൻ (D) വാഗ്ഭടാനന്ദൻ

49. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ ആരായിരുന്നു?

(A) രാമകൃഷ്ണപിള്ള (B) വക്കം അബ്ദുൾ ഖാദർ മൗലവി
(C) കെ.പി. കേശവമേനോൻ (D) സി.വി. കുഞ്ഞിരാമൻ

50. 'പ്രത്യക്ഷ രക്ഷ ദൈവ സഭ' സ്ഥാപിച്ച സാമൂഹ്യപരിഷ്കർത്താവാര്?

(A) പണ്ഡിറ്റ് കറുപ്പൻ (B) അയ്യത്താൻ ഗോപാലൻ
(C) പി. പൽപ്പു (D) പൊയ്കയിൽ കുമാരഗുരു

51. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് സവർണ്ണ ജാഥയ്ക്ക് നേതൃത്വം കൊടുത്ത സാമൂഹ്യ പരിഷ്കർത്താവ് ആര്?

(A) എ.കെ. ഗോപാലൻ
(B) കെ. കേളപ്പൻ
(C) ടി.കെ. മാധവൻ
(D) മന്നത്ത് പത്മനാഭൻ

52. ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്ന് പോരാടിയതിന് ബ്രിട്ടീഷ് സർക്കാർ തൂക്കിലേറ്റിയ മലയാളി :

(A) ക്യാപ്റ്റൻ ലക്ഷ്മി
(B) ചമ്പകരാമൻ
(C) വക്കം അബ്ദുൾ ഖാദർ
(D) എൻ. പരമേശ്വരൻ നായർ

53. വില്ലുവണ്ടിയിൽ സഞ്ചരിച്ച് ചരിത്രം സൃഷ്ടിച്ച കേരളത്തിന്റെ സാമൂഹ്യപരിഷ്കർത്താവാര്?

(A) രാരിച്ചൻ മൂപ്പൻ
(B) അയ്യങ്കാളി
(C) കെ.പി. വള്ളോൻ
(D) നീലകണ്ഠൻ ചാന്നാൻ

54. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം രചിച്ചതാര്?

(A) വി.ടി. ഭട്ടതിരിപ്പാട്
(B) പ്രേംജി
(C) എം.ആർ. ഭട്ടതിരി
(D) തോപ്പിൽ ഭാസി

55. 'വേദാധികാര നിരൂപണം' എന്ന ഗ്രന്ഥം രചിച്ചതാര്?

(A) ശ്രീനാരായണഗുരു
(B) ചട്ടമ്പിസ്വാമികൾ
(C) ഉള്ളൂർ
(D) നടരാജഗുരു

56. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മന്ത്രം ഗാന്ധിജി നൽകിയത് ഏത് ദേശീയ പ്രക്ഷോഭവുമായി ബന്ധപ്പെട്ടാണ്?

(A) ക്വിറ്റ് ഇന്ത്യാ സമരം
(B) നിസ്സഹകരണ സമരം
(C) ഖിലാഫത്ത് സമരം
(D) ചമ്പാരൻ സത്യാഗ്രഹം

57. "നിങ്ങൾ എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം". ഇത് ആരുടെ പ്രഖ്യാപനമാണ്?

(A) ഗാന്ധിജി
(B) സർദാർ പട്ടേൽ
(C) സുഭാഷ് ചന്ദ്രബോസ്
(D) ഭഗത് സിംഗ്

58. ഗാന്ധിജി ദണ്ഡി കടപ്പുറത്ത് വച്ച് ഉപ്പ് കുറുക്കി നിയമലംഘന പ്രക്ഷോഭം ആരംഭിച്ചതെന്നാണ്?

(A) 1930 മാർച്ച് 28
(B) 1930 ഏപ്രിൽ 1
(C) 1930 മാർച്ച് 6
(D) 1930 ഏപ്രിൽ 6

59. 'അതിർത്തി ഗാന്ധി' എന്നറിയപ്പെട്ടതാരാണ്?

(A) ഷൗക്കത്തലി
(B) മൗലാന അബ്ദുൾ കലാം
(C) ഖാൻ അബ്ദുൾ ഖാഫർ ഖാൻ
(D) മുഹമ്മദാലി ജിന്ന

60. 'ക്വിറ്റ് ഇന്ത്യാ സമര നായിക' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചതാരെ?

(A) സുചേതാ കൃപലാനി
(B) അമൃത് കൗർ
(C) സരോജിനി നായിഡു
(D) അരുണ അസഫലി

61. സർവ്വിക ദാതാവ് എന്നറിയപ്പെടുന്ന രക്തഗ്രൂപ്പ് :

(A) AB ഗ്രൂപ്പ്
(B) O ഗ്രൂപ്പ്
(C) A ഗ്രൂപ്പ്
(D) B ഗ്രൂപ്പ്

62. വൈഡൽ ടെസ്റ്റ് ഏത് രോഗവുമായി ബന്ധപ്പെട്ടതാണ്?

(A) ടൈഫോയ്ഡ്
(B) പ്ലേഗ്
(C) കുഷ്ഠം
(D) ക്ഷയം

63. മനുഷ്യശരീരത്തിലെ വാരിയെല്ലിൽ എത്ര അസ്ഥികളുണ്ട്?

(A) 22
(B) 30
(C) 24
(D) 12

64. ശരീരത്തിലെ കാൽസ്യം ആഗിരണത്തെ ഉത്തേജിപ്പിക്കുന്ന ജീവകം :

(A) ജീവകം 'എ'
(B) ജീവകം 'ഡി'
(C) ജീവകം 'സി'
(D) ജീവകം 'ഇ'

65. രക്തത്തിലെ പഞ്ചസാരയുടെ അളവിനെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഹോർമോൺ :

(A) മെലറ്റോണിൻ
(B) ഇൻസുലിൻ
(C) ഗ്ലൂക്കോൺ
(D) അഡ്രിനാലിൻ

66. വാസസ്ഥലത്തിനായി മാത്രം മറ്റ് സസ്യങ്ങളെ ആശ്രയിക്കുന്ന സസ്യങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) പരാദസസ്യങ്ങൾ
(B) എപ്പിഫൈറ്റുകൾ
(C) ശവോപജീവികൾ
(D) ആരോഹികൾ

67. ഭൂകാണ്ഡത്തിന് ഉദാഹരണമാണ് :

(A) ഉരുളക്കിഴങ്ങ്
(B) മധുരക്കിഴങ്ങ്
(C) മരച്ചീനി
(D) കാരറ്റ്

68. പയറ് വർഗ്ഗത്തിൽ ഉൾപ്പെടാത്ത വിത്തിനം ഏതാണ്?

(A) ഹരിത
(B) ജ്യോതിക
(C) ലോല
(D) മാലിക

69. 'ചന്ദ്രശങ്കര' എന്ന സങ്കരയിനം തെങ്ങ് ഏത് ഇനങ്ങളിൽ നിന്നാണ് വികസിപ്പിച്ചെടുത്തത്?

(A) ലക്ഷദ്വീപ് ഓർഡിനറി × ചാവക്കാട് ഓറഞ്ച്
(B) ചാവക്കാട് ഓറഞ്ച് × വെസ്റ്റ്കോസ്റ്റ് ടോൾ
(C) ലക്ഷദ്വീപ് ഓർഡിനറി × ഗംഗബോന്തം
(D) ഗംഗബോന്തം × ചാവക്കാട് ഓറഞ്ച്

70. കുടിവെള്ളമായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ pH മൂല്യം എത്രയാണ്?

(A) 6.0 – 8.0
(B) 6.5 – 8.0
(C) 6.5 – 7.5
(D) 7.0 – 7.5

71. 'ബോക്സൈറ്റ്' എന്നത് ഏത് ലോഹത്തിന്റെ അയിരാണ്?

(A) അലുമിനിയം
(B) ചെമ്പ്
(C) ഇരുമ്പ്
(D) സിങ്ക്

72. മൂലകങ്ങളെ അവയുടെ ആറ്റോമിക നമ്പറിന്റെ അടിസ്ഥാനത്തിൽ ആദ്യമായി വർഗ്ഗീകരണം നടത്തിയ ശാസ്ത്രജ്ഞൻ ആര്?

(A) ലാവോസിയർ
(B) മെൻഡലിയേവ്
(C) മോസ്‌ലി
(D) റൂഥർഫോർഡ്

73. ഒരു ജല തന്മാത്രയിലെ ആകെ ആറ്റങ്ങളുടെ എണ്ണം :

(A) 4
(B) 2
(C) 3
(D) 1

74. 'ബേക്കിംഗ് സോഡ' എന്ന പദാർത്ഥത്തിന്റെ രാസസൂത്രം ഏതാണ്?

(A) $Na_2CO_3$
(B) $NaHCO_3$
(C) $NaNO_2$
(D) NaOH

75. താഴെ തന്നിരിക്കുന്ന ജോഡികളിൽ ഐസോടോപ്പുകൾ ഏതെല്ലാം?

(i) $^{3}_{1}H$, $^{3}_{2}He$
(ii) $^{12}_{6}C$, $^{13}_{6}C$
(iii) $^{2}_{1}H$, $^{4}_{2}He$
(iv) $^{2}_{1}H$, $^{3}_{1}H$

(A) (iii) മാത്രം
(B) (ii), (iv) എന്നിവ
(C) (i) മാത്രം
(D) (i), (iii) എന്നിവ

76. ഫാരൻഹീറ്റ് താപനില സ്കെയിലിൽ ജലത്തിന്റെ തിളനില എത്ര?

(A) 212° F
(B) 202° F
(C) 180° F
(D) 222° F

77. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും കൂടുതൽ വിശിഷ്ട താപധാരിതയുള്ളത് തിരഞ്ഞെടുക്കുക :

(A) വായു
(B) മെർക്കുറി
(C) ജലം
(D) മെഥനോൾ

78. പ്രകൃതിയിലെ അടിസ്ഥാന ബലങ്ങളിൽ ഏറ്റവും ശക്തി കുറഞ്ഞത് ———————— ആണ്.

(A) ഗുരുത്വബലം
(B) ക്ഷീണ ആണവബലം
(C) പ്രബല ആണവബലം
(D) വൈദ്യുത കാന്തികബലം

79. മനുഷ്യന്റെ ശ്രവണപരിധി :

(A) 2 Hz – 20 kHz
(B) 20 Hz – 2000 Hz
(C) 2 Hz – 200 kHz
(D) 20 Hz – 20000 Hz

80. ഊർജ്ജത്തിന്റെ ഡൈമെൻഷണൽ സമവാക്യം എന്താണ്?

(A) $[MLT^{-2}]$
(B) $[ML^2T^{-2}]$
(C) $[ML^2T^{-3}]$
(D) $[LT^{-2}]$

81. 18.793 നോട് ഏതു സംഖ്യ കൂട്ടിയാൽ 50 കിട്ടും?

(A) 31.702
(B) 32.107
(C) 31.207
(D) 31.027

82. ചുവടെ കൊടുത്തിട്ടുള്ള സംഖ്യകളിൽ പൂർണ്ണവർഗ്ഗസംഖ്യയാകാൻ സാധ്യത ഇല്ലാത്തത് ഏത്?

(A) 1225
(B) 2502
(C) 6724
(D) 3721

83. ഒരു സ്ഥാപനത്തിൽ 15 ജോലിക്കാരുണ്ട്. അതിൽ നിന്നും 32 വയസ്സുള്ള ഒരാൾ സ്ഥലം മാറിപ്പോയി. പകരം മറ്റൊരാൾ ജോലിക്കു വന്നപ്പോൾ ജോലിക്കാരുടെ ശരാശരി വയസ്സ് 1 കൂടി. എങ്കിൽ പുതുതായി വന്ന ആളുടെ പ്രായം എത്ര വയസ്സാണ്?

(A) 50
(B) 48
(C) 49
(D) 47

84. 750 രൂപയ്ക്ക് വാങ്ങിയ ഒരു സാധനം വിൽക്കുമ്പോൾ 14% ലാഭം കിട്ടണമെങ്കിൽ ആ സാധനം എത്ര രൂപയ്ക്ക് വിൽക്കണം?

(A) 105
(B) 805
(C) 855
(D) 850

85. 120 മീറ്റർ നീളമുള്ള തീവണ്ടി 108 കി.മീ./മണിക്കൂർ വേഗത്തിൽ സഞ്ചരിക്കുന്നു. ഈ തീവണ്ടി 180 മീറ്റർ നീളമുള്ള ഒരു പാലം കടന്നുപോകാൻ എത്ര സമയം എടുക്കും?

(A) 12 സെക്കന്റ്
(B) 10 സെക്കന്റ്
(C) 8 സെക്കന്റ്
(D) 6 സെക്കന്റ്

86. + എന്നാൽ ×, – എന്നാൽ ÷, × എന്നാൽ +, ÷ എന്നാൽ – ഉം ആയാൽ 12 – 3 × 4 + 2 ÷ 5 ന്റെ വില :

(A) 7
(B) 7.6
(C) 0.4
(D) 1.2

87. ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

1, 2, 4, 7, 11, ——

(A) 12
(B) 15
(C) 14
(D) 16

88. സമാനബന്ധം കണ്ടെത്തുക :

ചെറുത് : വലുത് :: ഉദയം :

(A) കടൽ
(B) സൂര്യൻ
(C) മഞ്ഞ്
(D) അസ്തമയം

89. BEST എന്നതിനെ @ % # ? എന്നും SOAP എന്നതിനെ # * ÷ & എന്നും കോഡ് നൽകിയാൽ PAST എന്നതിനെ എങ്ങനെ കോഡ് ചെയ്യാം?

(A) & ? ÷ #
(B) & ÷ # ?
(C) & ÷ ? #
(D) & # ÷ ?

90. താഴെത്തന്നിരിക്കുന്ന സംഖ്യകൾ അവരോഹണക്രമത്തിൽ തരംതിരിച്ചാൽ മൂന്നാമത്തേത് ഏതു സംഖ്യ?

325, 425, 225, 125, 525

(A) 325
(B) 425
(C) 125
(D) 225

91. ശരിയായ രീതിയിൽ ക്രമീകരിച്ചത് ഏത്?

(A) പരുന്ത്, പുല്ല്, തവള, പുൽച്ചാടി, പാമ്പ്
(B) പാമ്പ്, പരുന്ത്, പുല്ല്, തവള, പുൽച്ചാടി
(C) പുല്ല്, പുൽച്ചാടി, തവള, പാമ്പ്, പരുന്ത്
(D) തവള, പുൽച്ചാടി, പരുന്ത്, പുല്ല്, പാമ്പ്

92. ഒറ്റയാനെ കണ്ടെത്തുക :

ACE, KMO, GHJ, RTV

(A) KMO
(B) GHJ
(C) ACE
(D) RTV

93. താഴെ കൊടുത്തിട്ടുള്ളവയിൽ വേറിട്ടു നിൽക്കുന്നത് ഏതാണ്?

(A) ത്രികോണം
(B) ചതുരം
(C) സാമാന്തരികം
(D) സമചതുരം

94. 2 കൊല്ലം മുമ്പ് അമ്മയ്ക്ക് മകളുടെ 4 മടങ്ങ് വയസ്സായിരുന്നു. 2 കൊല്ലം കഴിഞ്ഞാൽ അമ്മയ്ക്ക് മകളുടെ 3 മടങ്ങ് വയസ്സാകും. എന്നാൽ മകളുടെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 15
(B) 5
(C) 10
(D) 20

95. 40 കുട്ടികൾ ഉള്ള ഒരു ക്ലാസ്സിൽ ലതയുടെ റാങ്ക് മുന്നിൽ നിന്ന് 15-ാമതാണ്. എങ്കിൽ അവസാനത്തുനിന്നും ലതയുടെ റാങ്ക് എത്ര?

(A) 25
(B) 20
(C) 24
(D) 26

96. ഒരു ലക്ഷത്തിൽ എത്ര 1000 ഉണ്ട്?

(A) 10
(B) 100
(C) 1
(D) 1000

97. $40 - 8 \div 2 \times 3 =$

(A) 48
(B) 38
(C) 28
(D) 18

98. മൂന്നു ബൾബുകൾ യഥാക്രമം 3, 4, 5 മിനുട്ടുകൾ ഇടവിട്ട് പ്രകാശിക്കും. അവയെല്ലാം ഒരുമിച്ച് 8 A.M. ന് കത്തിയെങ്കിൽ, വീണ്ടും എപ്പോൾ അവ ഒരുമിച്ച് പ്രകാശിക്കും?

(A) 8.30 A.M.
(B) 8.35 A.M.
(C) 9.15 A.M.
(D) 9 A.M.

99. 2, 4, 6 എന്നീ സംഖ്യകളുടെ ഉ.സാ.ഘ. ഏത്?

(A) 2
(B) 4
(C) 6
(D) 1

100. നീളം $3\frac{3}{4}$ മീറ്ററും, വീതി $9\frac{1}{3}$ മീറ്ററും ആയ ചതുരത്തിന്റെ പരപ്പളവ് എത്ര ചതുരശ്രമീറ്ററാണ്?

(A) 35
(B) $27\frac{1}{4}$
(C) 30
(D) $35\frac{1}{4}$

---

SPACE FOR ROUGH WORK